# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1951 — 14.08.2017 — ൽ മറുപടിക്ക്

## ബി.പി.എൽ. മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് നടപടി

### ചോദ്യം

ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ
,, കെ. രാജൻ :

(എ) ഭക്ഷ്യ ഭദ്രതാ നിയമം നിലവിൽ വന്നപ്പോൾ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ബി.പി.എൽ. പട്ടിക അസാധുവായിട്ടുണ്ടോ;

(ബി) ബി.പി.എൽ. പട്ടികയ്ക്ക് പകരമുളള മുൻഗണനാ പട്ടിക കേന്ദ്ര സർക്കാരിന്റെ മറ്റ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കുമോ; ഇത് സംബന്ധിച്ച ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ;

(സി) സൗജന്യ ചികിത്സാ സഹായത്തിന് ഭക്ഷ്യഭദ്രതാ നിയമത്തിന് കീഴിലെ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെട്ടവർക്ക് അർഹതയുണ്ടോ എന്നറിയിക്കുമോ;

(ഡി) ബി.പി.എൽ. മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)

(എ) യും (ബി) യും (സി) യും (ഡി) യും

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം ബി.പി.എൽ വിഭാഗത്തിന് പകരം റേഷൻ വിതരണത്തിനായി എ.എ.വൈ./മുൻഗണനാ/ മുൻഗണനേതര വിഭാഗം എന്നീ വിഭാഗങ്ങളാണ് പൊതുവിതരണ സമ്പ്രദായത്തിലുളളത്. റേഷൻ വിതരണത്തിനു വേണ്ടി മാത്രമാണ് റേഷൻ കാർഡ് വിതരണം ചെയ്തിട്ടുളളത്. എന്നിരുന്നാലും മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന ഗുരുതര രോഗം ബാധിച്ചവർക്ക് ചികിത്സാ ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ റേഷൻ കാർഡിൽ 'സ്റ്റേറ്റ് പ്രയോറിറ്റി' എന്ന് രേഖപ്പെടുത്തി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

ബി.പി.എൽ പട്ടിക തയ്യാറാക്കുന്നത് തദ്ദേശഭരണ വകുപ്പാണ്. ഇതിന് വേണ്ടിയുളള മാനദണ്ഡങ്ങളും പ്രസ്തുത വകുപ്പാണ് നിശ്ചയിച്ചിട്ടുളളത്. ബി.പി.എൽ മാനദണ്ഡമനുസരിച്ച് സംസ്ഥാനത്ത് ഏകദേശം 98 ലക്ഷം ആളുകളാണ് ഉളളത്. എന്നാൽ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുളള മുൻഗണനാ പട്ടികയിൽ 1.54 കോടി ആളുകളുണ്ട്.

സെക്ഷൻ ഓഫീസർ